മാത്രം പരിഗണിക്കപ്പെട്ടു എന്നു വരും. ആ നദിയുടെ മൊത്തമായിട്ടുള്ള സംരക്ഷണത്തിന് without prejudice to the general development of the river bank, we can consider taking up individual project of Kadavu. അതു മാത്രമേ എനിക്കു പറയാനുള്ളൂ. ആശയം പരിശോധിക്കാം, അതുൾക്കൊള്ളാം.

## V. സബ്മിഷൻ

### (1) നെല്ല് സംഭരണം സംബന്ധിച്ച് ഗവൺമെന്റ് നൽകിയ വാഗ്ദാനം

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)*: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ നൽകിയത്. കഴിഞ്ഞ രണ്ടു മാസക്കാലത്തിലേറെയായി കേരളത്തിലെ നെൽക്കൃഷിക്കാർ, ഗവൺമെന്റ് പ്രഖ്യാപിച്ച വില നെല്ലിനു കിട്ടാൻവേണ്ടി കാത്തിരിക്കുകയായിരുന്നു. ആ കാത്തിരിപ്പ് ഫലശൂന്യമായി എന്നു വന്നപ്പോൾ, എം. എൽ. എ. മാരേയും മറ്റു ജനപ്രതിനിധികളേയും എല്ലാംതന്നെ അവരുടെ പരാധീനതകൾ അവർ ശക്തമായി അറിയിക്കുകയും അതനുസരിച്ച് കഴിഞ്ഞ 9, 10 തീയതികളിൽ പ്രതിപക്ഷകക്ഷി നേതാക്കൾക്ക് സഭയുടെ വാതിൽക്കൽ നിരാഹാര സമരം ഇരിക്കേണ്ടതായുംവന്നു. നിരാഹാര സമരത്തെത്തുടർന്ന് അപ്പുറത്തും ഇപ്പുറത്തുമുള്ള ഞങ്ങളുടെ സ്നേഹിതന്മാർ ഗവൺമെന്റുമായി ഇടപെടുകയും അതിന്റെയടിസ്ഥാനത്തിൽ ഒരു തീരുമാനമുണ്ടാകുകയും ചെയ്തു. ആ തീരുമാനം മുഖ്യമന്ത്രി തന്നെ എഴുതി തന്നതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ നിരാഹാര സമരത്തിൽ നിന്നും പിൻതിരിഞ്ഞത്. ഇന്നു തീയതി 30 ആണ്. മൂന്ന് ആഴ്ച കഴിഞ്ഞിട്ടും ആ കരാറിൽ പറഞ്ഞതനുസരിച്ചുള്ള വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. അവിടേയും ഇവിടേയും ചില സമരങ്ങൾ നടന്നിട്ടില്ല എന്നല്ല. ചെറിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ അഡാക്ക് പോലുള്ള സഹകരണ സംഘങ്ങൾ ഗവൺമെൻറ് പ്രഖ്യാപിച്ചതനുസരിച്ച് 750 രൂപയ്ക്കു തന്നെ കൃഷിക്കാരിൽ നിന്നും നെല്ല് സംഭരിച്ചു. കുട്ടനാട് പോലുള്ള പ്രദേശങ്ങളിൽ 750 രൂപ വാങ്ങിയിരിക്കുന്നു എന്നു കൃഷിക്കാരെക്കൊണ്ട് എഴുതി വാങ്ങിയിട്ട് 600/650 രൂപയാണ് കൊടുക്കുന്നത്. കുട്ടനാട്ടിലേയും കോട്ടയത്തേയും സ്ഥിതി ഇതു തന്നെയാണ്. പാലക്കാട്ട് ആകട്ടെ 1,62,000 മെട്രിക് ടൺ നെല്ല്, പതിനായിരക്കണക്കിനു കൃഷിക്കാരുടെ നെല്ല്, ഇക്കഴിഞ്ഞ രണ്ടു മാസക്കാലമായി

LIBRARY ARCHIVES Kerala Legislative Assembly

കളങ്ങളിൽ കെട്ടിക്കിടക്കുകയാണ്. ആ പ്രദേശങ്ങളിൽ നിന്നും നെല്ലു വാങ്ങി അരിയാക്കി വിൽക്കുന്ന മിൽ മുതലാളിമാർ വളരെ ശക്തരാണ്. ചില ജനപ്രതിനിധികളും അവരുടെ കൂടെ ഷെയറുകാരായി കൂടിയിട്ടുണ്ട് എന്നും കേൾക്കുന്നുണ്ട്. കൃഷിക്കാരുടെ ദുരിതപൂർണ്ണമായ സ്ഥിതിയെ അവഹേളിക്കുകയും, മിൽ മുതലാളിമാരുടെ പക്ഷം പറയുകയും ചെയ്യുന്ന ജനപ്രതിനിധികൾ ഈ സഭയിൽ തന്നെയുണ്ടെന്നുള്ള കാര്യവും ഞാൻ അങ്ങയുടെ ശ്രദ്ധയിൽ വ്യസനപൂർവ്വം അറിയിക്കുകയാണ്. കേരളത്തിലെ മിക്ക ജില്ലകളിലുമുള്ള പ്രശ്നം, കൊയ്ത്ത് കഴിഞ്ഞിട്ട് നെല്ല് വിൽക്കാൻ കഴിയാതെ റൈസ് മിൽ ഉടമകൾ 550 രൂപ മാത്രമേ തരുകയുള്ളുയെന്നു പറഞ്ഞ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള 750 രൂപ നിഷേധിക്കാൻ വേണ്ടി സംഘടിത ശ്രമം നടത്തുന്നുയെന്നുള്ളതാണ്. സഹകരണ ബാങ്കുകളും സഹകരണ സംഘങ്ങളുമാകട്ടെ നെല്ലെടുക്കാൻ മടിച്ചു നിൽക്കുകയാണ്. അതിന്റെ ഫലമായി നിസ്സഹായരായ കൃഷിക്കാർ അവരുൽപ്പാദിപ്പിച്ച നെല്ല് വിൽക്കാൻ കഴിയാതെ പട്ടിണിയിലും കഷ്ടപ്പാടിലുമാണ്. എങ്ങാനും ഒരു മഴ പെയ്താൽ കേരളത്തിൽ കൃഷിക്കാരുടെ കൂട്ട ആത്മഹത്യ നടക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഗവൺമെന്റ് പറയുന്നത് ഇതെല്ലാം സംബന്ധിച്ചുള്ള മോണിറ്ററിംഗ് ശരിയായി നടത്തിക്കൊണ്ടിരിക്കുകയാണ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ എന്നിവയുമായി ബന്ധപ്പെട്ട് ഇവിടെനിന്നും നെല്ല് സംഭരിക്കുന്നതിനും അത് അരിയാക്കി വിൽക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമെന്നും മറ്റുമാണ്. ഇക്കാര്യം മുഖ്യമന്ത്രി നൽകിയ ഉറപ്പിൽ പറഞ്ഞിരുന്നെങ്കിലും അതുസംബന്ധിച്ച് ഒരു കത്തയയ്ക്കുകയോ മറ്റോ ചെയ്തുവെന്നുള്ളതല്ലാതെ സീരിയസ്സായിട്ടുള്ള ഒരു നീക്കവും നടന്നതായി കാണുന്നില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിക്കുമെന്ന ഒരു പ്രഖ്യാപനം വന്നാൽ ഈ മിൽ മുതലാളിമാർ ഞെട്ടിവിറയ്ക്കുന്നതും കേരളത്തിലെ നെൽ കർഷകരാകെ സന്തുഷ്ടരായി അവരുടെ നെല്ല് ഗവൺമെന്റ് പ്രഖ്യാപിച്ച വിലയ്ക്ക് വിൽക്കാൻ കഴിയുമല്ലോയെന്ന ആശയോടുകൂടി നിലയുറപ്പിക്കുന്നതുമാണ്. എന്നാൽ ഗവൺമെന്റ് അതിനനുസരിച്ചുള്ള നടപടികൾ ഇപ്പോഴും പ്രഖ്യാപിക്കുവാൻ തയ്യാറായിട്ടില്ല. പ്രമുഖ കോൺഗ്രസ്സുകാരനായ കേരളാ ഗവൺമെന്റിന്റെ കാർഷികോത്തമ അവാർഡ് ലഭിച്ച പാലക്കാട്ടെ വാസുദേവന്റെ ഒരു സ്റ്റേറ്റുമെന്റുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് എനിക്ക് ഒരു വണ്ടി നെല്ലുണ്ടായിരുന്നു. ആവശ്യങ്ങൾ നിറവേറ്റാൻ യാതൊരു ഗത്യന്തരവുമില്ലാതെ വന്നതിന്റെ ഫലമായി നെല്ല് 530 രൂപയ്ക്ക് വിറ്റു. ഗവൺമെന്റ് 750 രൂപ പ്രഖ്യാപിച്ചിരിക്കുമ്പോൾ എനിക്ക് 530 രൂപയ്ക്ക് വിൽക്കേണ്ടിവന്നു എന്നാണ്. ഇതുതന്നെയാണ് പാലക്കാട്ടെ ഗത്യന്തരമില്ലാത്ത മറ്റ് കൃഷിക്കാരുടേയും സ്ഥിതി. ഇവിടെ സമരം നടന്നു, ഒത്തുതീർപ്പുണ്ടായി എന്നൊക്കെ വായിച്ചു. അതുകൊണ്ടൊന്നും നമുക്ക് യാതൊരു പ്രയോജനവും കിട്ടിയിട്ടില്ലെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

കാർഷികോത്തമ അവാർഡ് വിന്നറും പ്രമുഖ കോൺഗ്രസ്സുകാരനുമായ വാസുദേവന്റെ പ്രസ്താവന. ഞങ്ങൾ പ്രതിപക്ഷമാണ് ഇത് പറയുന്നതെങ്കിലും കേരളത്തിലെ നിരവധി കോൺഗ്രസ്സുകാരായ കൃഷിക്കാർക്ക് അവരുടെ ഉൽപ്പാദനത്തിന് ന്യായമായ വിലകിട്ടുന്നില്ലെന്നുള്ളതാണ് സത്യം. അതുകൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇതുസംബന്ധിച്ച് സീരിയസ്സായിട്ടുള്ള നടപടി സ്വീകരിക്കണം. ഇന്ന തീയതി മുതൽ നെല്ല് സംഭരിക്കുന്നതാണെന്ന് പ്രഖ്യാപിക്കണം, കൃഷിക്കാരുടെ വിഷമകരമായ സ്ഥിതി നമ്മൾ മനസ്സിലാക്കിക്കഴിഞ്ഞു, ഇനി മിൽ മുതലാളിമാർ അവരെ വേട്ടയാടാൻ സമ്മതിക്കില്ല, അവരുടെ നെല്ല് സംഭരിക്കാൻ നമ്മൾ സന്നദ്ധരാണ് എന്ന നിലയിൽ അവർക്ക് ആശ്വാസം നൽകുന്ന ഒരു പ്രഖ്യാപനം മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നോ ഫുഡ് മിനിസ്റ്ററുടെ ഭാഗത്തുനിന്നോ ഉണ്ടാകുമോയെന്നുള്ളതാണ് അറിയേണ്ടത്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം വീണ്ടും ഒരു സമരത്തിലേക്ക് ഗത്യന്തരമില്ലാതെ എടുത്തുചാടേണ്ടി വരുമോയെന്നുള്ളതിനെ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടിവരും നെൽകൃഷിക്കാരെ സംബന്ധിച്ച് ഒരു പ്രഖ്യാപനം മാത്രം നടത്തിയാൽ പോരാ; നടപടികൾ നടത്തുകയെന്നുള്ളതാണ് വേണ്ടത് എന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

മുഖ്യമന്ത്രിക്കു വേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സർ, 2004-2005-വർഷത്തെ നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നത് പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലാണ്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും അതാത് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ആഫീസർ കൺവീനറുമായിട്ടുള്ള ജില്ലാതല കമ്മിറ്റികളാണ് സംഭരണവില നിശ്ചയിക്കുന്നതും സംഭരണ പദ്ധതി ജില്ലാതലത്തിൽ അവലോകനം ചെയ്യുന്നതും. സംഭരണത്തിനാവശ്യമായ ഏജൻസികളെ നിശ്ചയിക്കുന്നത് ഈ കമ്മിറ്റികളാണ്. ഇതുവരെയുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപ്പ് വർഷത്തെ ഒന്നാം വിളയുടെ കൈകാര്യ ചെലവ് ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞു. ഇതിലേക്കായി ഈ വർഷം 1780 ലക്ഷം രൂപ കൊടുത്തു. ഇത് all time record ആണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ മൂന്നുകോടി ചില്ലറയാണ് ബഡ്ജറ്റിലുള്ളത്. പക്ഷെ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി പലതവണയായി ധനകാര്യ വകുപ്പുമന്ത്രിതന്നെ 17.8 കോടി രൂപ ഇതിനുവേണ്ടി കൊടുത്തുകഴിഞ്ഞു. ഇത് all time record ആണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സാമ്പത്തിക വർഷം വിരിപ്പു സീസണിൽ 42,523 മെട്രിക് ടൺ നെല്ല് സംഭരിക്കുകയും ഇപ്പോൾ സംഭരണമാരംഭിച്ച ശേഷം 55,359 മെട്രിക് ടൺ നെല്ല് സംഭരിക്കുകയും ചെയ്തു. സംസ്ഥാനത്തുടനീളം 127 ഏജൻസികൾ സംഭരണ പ്രക്രിയയിൽ ഏർപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് എന്റെ കൈയിലുണ്ട്. സമയക്കുറവു കൊണ്ട് അതൊന്നും ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

വിശദീകരിക്കുന്നില്ല. പാലക്കാട് ജില്ലയിൽ കഴിഞ്ഞ ഒന്നാം വിളയ്ക്ക് ക്വിന്റലിന് 830 രൂപ പ്രകാരം സംഭരിച്ച നെല്ല് വിറ്റഴിക്കാൻ കഴിയാതെ പതിനെണ്ണായിരത്തി അൻപത്തിയാറ് മെട്രിക് ടൺ (18,056 മെ.ടൺ) വിവിധ സൊസൈറ്റികളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. നിലവിലുള്ള സംഭരണ വില ക്വിന്റലിന് 750 രൂപയടിസ്ഥാനത്തിൽ വിറ്റഴിക്കുമ്പോൾ ഉണ്ടാകുന്ന വിലവ്യത്യാസം അതായത് 80 പൈസ വച്ച് 50 ശതമാനം തുകയായ 72,21,400 രൂപ സർക്കാർ അനുവദിച്ചു കൊടുത്തു. വിലവ്യത്യാസമുള്ളത് ഗവൺമെന്റ് സബ്സിഡിയായി കൊടുത്തു. ഏതെങ്കിലും ജില്ലകളിൽ ഏതെങ്കിലും സൊസൈറ്റികൾ സംഭരണത്തിന് വിമുഖത കാണിച്ചാൽ അനുയോജ്യരായ മറ്റ് സംഭരണ ഏജൻസികളെ ചുമതലപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തറപ്പിച്ച് പറഞ്ഞത് സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി നെല്ല് സംഭരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയ്ക്ക് വിതരണം ചെയ്യണമെന്നാണ്. ഗവൺമെന്റ് അതിൽ ഊർജ്ജിതമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനുവേണ്ട ഒരു പദ്ധതിതന്നെ ഗവൺമെന്റ് തയ്യാറാക്കിക്കഴിഞ്ഞു. അനുമതിക്കായി കേന്ദ്ര സർക്കാരിലേക്ക് ഇന്നുതന്നെ ആ പദ്ധതി അയയ്ക്കുന്നതാണ്. ആ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞാൽ നെല്ല് സംഭരണത്തിനായി ഒരു സ്ഥിരം സംവിധാന മുണ്ടാകും. അതിന് നമുക്കെല്ലാപേർക്കും കൂട്ടായി ശ്രമിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കാണിക്കുന്ന താൽപര്യത്തെ ഗവൺമെന്റ് അഭിനന്ദിക്കുന്നു. ഗവൺമെന്റിനും ഇതിൽ വളരെ താൽപര്യമുള്ളതുകൊണ്ടാണ് ഒരുകാലത്തും കൊടുക്കാത്ത ഇത്രയും ഭീമമായ തുക സാമ്പത്തികപരാധീനതയുണ്ടായിട്ടും ചെലവഴിച്ചത് അതുകൊണ്ട് നമുക്കൊരുമിച്ച് കേന്ദ്രഗവൺമെന്റിനെ കൊണ്ട് ചെയ്യിക്കാം. നെല്ല് സംഭരിച്ച് ഇത് വിൽക്കുമ്പോഴുണ്ടാകുന്ന ഭീമമായ തുക ഇതിനുപുറമേയുള്ളതാണ് അത് ഗവൺമെന്റിന് വഹിക്കാനുള്ള സാമ്പത്തിക ശേഷിയൊന്നുമില്ല. അതുകൊണ്ട് കേന്ദ്ര സഹായത്തോടുകൂടി നമുക്ക് ഒന്നിച്ച് നീങ്ങാം. കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് ചില commitments വന്നിട്ടുണ്ട്. അതിന് ഉപോൽബലകമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താം എം. പി. മാരുടെ സഹായത്തോടുകൂടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താം. പ്രതിപക്ഷ നേതാവ് മറ്റ് സമരമുറയ്ക്കൊന്നും പോകേണ്ട കാര്യമില്ല. ഗവൺമെന്റിന് ഇതിൽ വളരെ താൽപര്യമുണ്ട്. തീർച്ചയായിട്ടും പ്രതിപക്ഷ നേതാവിന്റെകൂടി വികാരം ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റ് നടപടികൾ സ്വീകരിക്കും.

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)* : ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ ഞങ്ങൾ ശ്രദ്ധയോടുകൂടി കേൾക്കുകയായിരുന്നു. ഒന്നുരണ്ട് കാര്യങ്ങൾകൂടി ഞാൻ ഈ അവസരത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ തവണ നെല്ല് സംഭരണത്തിൽ വന്ന, അതായത് 8.50-ന് വാങ്ങി 7.50-നാണ് ഇത്തവണ കൊടുക്കുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

അതുസംബന്ധിച്ചുള്ള തുകയുടെ വ്യത്യാസം, ഒരു മാർജിൻ, ഗവൺമെന്റും സഹിക്കണം സഹകരണസംഘങ്ങളും സഹിക്കണമെന്നു പറഞ്ഞുകൊണ്ട് 50 ശതമാനം ഗവൺമെന്റ് തരാം 50 ശതമാനം സഹകരണസംഘം സഹിക്കണമെന്നാണ് അന്ന് മുഖ്യമന്ത്രി പറഞ്ഞ നിർദ്ദേശം. പക്ഷെ സഹകരണ സംഘങ്ങളുടെ പ്രതിനിധികൾ പറഞ്ഞത്, കൃഷി ആഫീസറും ജില്ലാ കളക്ടറും നിശ്ചയിച്ചിട്ടുള്ള വിലയ്ക്കാണ് ഞങ്ങൾ നെല്ല് സംഭരിച്ചത്, ഞങ്ങൾ കുറ്റക്കാരല്ല എന്നാണ്. ഞങ്ങൾ കുറ്റക്കാരല്ലാത്ത കാര്യത്തിന് ഞങ്ങൾ 25, 30 ലക്ഷം രൂപ വീതം നഷ്ടപ്പെടണമെന്ന് പറയുന്നത് സങ്കടകരമാണെന്ന് അവർ പറഞ്ഞു. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്ന് അറിയേണ്ടതായിട്ടുണ്ട്. രണ്ടാമത്തെക്കാര്യം ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് വാങ്ങുന്നതിന്റെ ഫലമായി ഒരു നഷ്ടവുമുണ്ടാകാൻ പോകുന്നില്ല. ഞാൻ അവിടത്തെ തൊഴിലാളികളുടെ സംഘടനാ നേതാക്കൻമാരുമായി ബന്ധപ്പെട്ടപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് 2003-ൽ 12 രൂപ 60 പൈസയ്ക്കാണ് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ അരി വാങ്ങിയത് എന്നാണ്. അരിയുടെ വില മാത്രമല്ല കടത്തുകൂലിയും മറ്റ് നികുതിയും സ്റ്റോറേജ് ചാർജുമെല്ലാം ചേർത്ത് 2003-ൽ അവർ 12.60 പൈസയ്ക്കും 2004-ൽ 13.10 പൈസയ്ക്കുമാണ് എടുത്തുകൊണ്ടിരിക്കുന്നത്. 7.50-നാണ് നമ്മൾ വാങ്ങുന്നത്. അത് അരിയാക്കിയാൽ അങ്ങേയറ്റം പന്ത്രണ്ടോ പന്ത്രണ്ടരയോ രൂപയിൽ കൂടുതൽ വരാൻ പോകുന്നില്ല. ആ നിലയിൽ സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് യാതൊരു നഷ്ടവും വരാൻ പോകുന്നില്ല. എന്നാൽ മന്ത്രിമാർ ജനപ്രതിനിധികളെന്നുള്ള നിലയിൽ ഒരു കാര്യം ശ്രദ്ധിക്കേണ്ടത് ഉദ്യോഗസ്ഥൻമാരെ മാത്രം ആശ്രയിച്ച് ഈ കാര്യം നടപ്പിലാക്കാൻ ശ്രമിക്കരുത്. ഉദ്യോഗസ്ഥൻമാരെ തീരെ ആശ്രയിക്കരുതെന്നല്ല ഞാൻ പറയുന്നത്. ഉദ്യോഗസ്ഥൻമാർ പഞ്ചാബിലും ആന്ധ്രയിലുമൊക്കെ സാധനങ്ങൾ വാങ്ങാൻ ചെല്ലുമ്പോൾ രണ്ടാംതരം സാധനങ്ങൾക്ക് നല്ല കമ്മീഷൻ കൊടുക്കും എടുത്താൽ പൊങ്ങാത്ത കമ്മീഷൻ കൊടുക്കും അതുകൊണ്ട് ഈ ഇടപാടാണ് നല്ലത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നാട്ടിൽ നിന്ന് നെല്ലും അരിയും ഒന്നും എടുക്കേണ്ടതില്ലെന്ന ഉപദേശം ചിലപ്പോൾ ഈ ഉദ്യോഗസ്ഥൻമാരിൽ നിന്നും വരാം. ആ ഉപദേശം ജനപ്രതിനിധികളായ, ഉത്തരവാദപ്പെട്ട മന്ത്രിമാരായിട്ടുള്ള നിങ്ങൾ സ്വീകരിക്കരുത്. നമ്മുടെ നാട്ടിലെ കൃഷിക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമകരമായ സ്ഥിതിവിശേഷം, അവരെ വേട്ടയാടുന്ന മിൽ മുതലാളിമാരിൽനിന്ന് അവരെ രക്ഷിക്കേണ്ട കാര്യം ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ട് ഈ പ്രശ്നം കൈകാര്യം ചെയ്യാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമെങ്കിൽ കാര്യങ്ങൾ ഭംഗിയായി നടക്കും, കൃഷിക്കാർ രക്ഷപ്പെടും. അവരെ വേട്ടയാടുന്ന മിൽ മുതലാളിമാരെ നമുക്ക് തടയാൻ കഴിയും. അതുകൊണ്ട് അതുംകൂടി കണ്ടുകൊണ്ടുള്ള അടിയന്തിര നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, പാലക്കാടുള്ള സൊസൈറ്റികളുമായി ചർച്ച ചെയ്ത് അവർ ആവശ്യപ്പെട്ടതുപ്രകാരം 50% കൊടുത്താൽ മതിയെന്ന് സമ്മതിച്ചതാണ്. അങ്ങനെയാണ് 80 പൈസയുടെ വ്യത്യാസം ഉള്ളത്. 50 ശതമാനം കൊടുക്കണമെന്ന അവരുടെ അവശ്യപ്രകാരമാണ് ധനകാര്യ വകുപ്പ് 72 ലക്ഷം രൂപ കൊടുത്തത്. നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ വളരെ liberal ആയിട്ടുള്ള attitude ആണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അത് അങ്ങ് പരിശോധിച്ചു നോക്കിയാൽ മനസ്സിലാകും. ഞാൻ ഒരു വാദപ്രതിവാദത്തിനില്ല. അതുകൊണ്ടാണ് പണ്ട് കൊടുത്ത തുച്ഛമായ തുകകളൊന്നും ഞാൻ ഇവിടെ വായിക്കാതിരുന്നത്. ഇത്രയും വലിയ തുക കൊടുത്തിട്ടുള്ള ഒരു കാലഘട്ടവും മുമ്പ് ഉണ്ടായിട്ടില്ല. അത് ഗവൺമെന്റിന്റെ താൽപ്പര്യമാണ്. അങ്ങയുടെ താൽപ്പര്യത്തെ ഗവൺമെന്റ് ബഹുമാനിക്കുന്നു. അതുകൊണ്ട് നമുക്ക് ഒന്നിച്ച് ശ്രമിക്കാം. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നമുക്ക് സ്ഥിരമായ ഒരു സംവിധാനം ഉണ്ടാക്കാം. അതിനുവേണ്ടിയുള്ള ഒരു പദ്ധതി ഇന്നുതന്നെ കേന്ദ്ര ഗവൺമെന്റിലേക്ക് അയയ്ക്കുന്നതാണ്.

# VI. അറിയിപ്പ്

## മലേഷ്യൻ സംഘത്തിന് അഭിവാദ്യം

*മി. സ്പീക്കർ*: മലേഷ്യയിൽ നിന്നും 42 പേർ അടങ്ങുന്ന മലയാളി സംഘം നോർക്കയുടെ ക്ഷണം സ്വീകരിച്ച് നമ്മുടെ സംസ്ഥാനത്ത് പര്യടനം നടത്തുന്നുണ്ട്. അവർ ഇപ്പോൾ നിയമസഭാ ഗ്യാലറിയിൽ ഇരിക്കുകയാണ്. നമുക്ക് അവരെ ഹാർദ്ദമായി അഭിവാദ്യം ചെയ്യാം.

ഇന്ന് ഈ സെഷന്റെ അവസാനത്തെ ദിവസമായതുകൊണ്ട് സബ്മിഷൻ ഉന്നയിക്കാൻ അനുമതി ചോദിച്ച മെമ്പർമാർക്കൊക്കെ അനുവാദം കൊടുത്തിട്ടുണ്ട്. 35 സബ്മിഷനാണുള്ളത്. അത് ഉന്നയിക്കുന്ന ആളുകളും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിമാരും ഈ കാര്യം പരിഗണിക്കണം.

## സബ്മിഷൻ *(തുടർച്ച)*

### (2) ശബരിമല വികസനത്തിന് അടിയന്തിര നടപടി

*ശ്രീ. രാജു എബ്രഹാം* : സർ, കേരളത്തിലെ ആകെ ജനസംഖ്യയേക്കാൾ കൂടുതൽ തീർത്ഥാടകർ നാല് മാസക്കാലത്തിനിടയിൽ എത്തുന്ന സ്ഥലമാണ്. ശബരിമല. അവിടെ കക്കൂസുകളുടെ പണിയടക്കം, നിരവധി പ്രശ്നങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly